(ഡി-എഫ്) ബഹു ,ഓംബുഡ്സ്മാൻ തീർപ്പാക്കുന്ന കേസ്സുകളിൽ അതാതു ദേവസ്വം ബോർഡുകൾ ഓംബുഡ്സ്മാന്റെ ഉത്തരവിൽ പറയുംപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓംബുഡ്സ്മാൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുന്ന റിപ്പോർട്ടുകളിലും കോടതിയുടെ വിധിന്യായം ലഭിക്കുന്ന മുറയ്ക്ക് ദേവസ്വം ബോർഡുകൾ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

"ദേവസ്വം ബോർഡുകളുടെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം"

202 (6121) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; നടപ്പാക്കാത്ത ക്ഷേത്രങ്ങളിൽ അടിയന്തിരമായി പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ ബോർഡ് നൽകിയിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ പ്ലാസ്റ്റിക് നിരോധനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

"ദേവസ്വം ബോർഡുകളുടെ ഭൂമി അനധികൃതമായി കയ്യടക്കിവച്ചിട്ടുണ്ടെന്ന പരാതികൾ"

203 (6122) ശ്രീ. തോമസ് ഉണ്ണിയാടൻ :

പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡുകളുടെ ഭൂമി സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും അനധികൃതമായി കയ്യടക്കിവച്ചിട്ടുണ്ടെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് തിരികെ ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ദേവസ്വം ഭൂമി അന്യാധീനപ്പെടാതിരിക്കുവാൻ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനുമായി സ്പെഷ്യൽ തഹസീൽദാരുടെ കീഴിൽ ഓരോ ലാന്റ് കൺസർവൻസി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

മലബാറിൽ ഇത്തരത്തിൽ ഒരു യൂണിറ്റ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറോട് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആവശ്യകതയനുസരിച്ച് ക്ഷേത്ര ഭൂമി സംരക്ഷണാർത്ഥം മതിൽ കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ഭൂമി അന്യാധീനപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടത് അതാത് ക്ഷേത്രം ഭരണാധികാരികളാണ്. ഇതിനാവശ്യമായ നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. ഗുരുവായൂരിൽ ക്ഷേത്ര ഭൂമികൾ മതിൽകെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

"ദേവസ്വം ഭൂമികൾ സംരക്ഷിക്കുന്നതിനു നടപടി"

204 (6123) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേവസ്വം വക ഭൂമികളിൽ പല സ്ഥലങ്ങളിലും കൈയേറ്റം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേവസ്വം ഭൂമികൾ സംരക്ഷിക്കുന്നതിനും കൈയേറ്റങ്ങൾ കണ്ടെത്തി ഭൂമി തിരികെ പിടിച്ചെടുക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കയ്യേറ്റം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ക്ഷേത്രഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly